**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2169** **01-09-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ എ.എൻ.എം. ട്രെയിനിംഗ് സെന്ററിന്റെ ദയനീയാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ എ.എൻ.എം. ട്രെയിനിംഗ് സെന്ററിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ പുരാതന കെട്ടിടത്തിന്റെ ബലക്കുറവും വിദ്യാർത്ഥികൾക്ക് മതിയായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2 വർഷത്തെ എ.എൻ.എം കോഴ്സ് നടത്തിവരുന്ന ടി സ്ഥാപനത്തിൽ ഓരോ ബാച്ചിലും 50 കുട്ടികൾ വീതം പഠിക്കുന്നുണ്ട്. ടി സ്ഥാപനത്തിൽ പുതിയ ക്ലാസ് റൂം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ പണിയുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും 2,06,00,000/- (രണ്ട് കോടി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് 2019 ൽ ലഭ്യമാക്കിയിരുന്നു. ആയത് Detailed Estimate Price സോഫ്റ്റ് വെയറിൽ ലഭ്യമാക്കുവാൻ പാലക്കാട് ജില്ല മെഡിക്കൽ ഓഫീസറെ അറിയിച്ചതിനെ തുടർന്ന് പാലക്കാട് ജില്ല മെഡിക്കൽ ഓഫീസർ ആലത്തൂർ പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2018 വരെ 50 കുട്ടികൾ അടങ്ങുന്ന ഒരു ബാച്ച് മാത്രമാണ് ടി സ്ഥാപനത്തിൽ ഉണ്ടായിരുന്നത്. ടി 50 കുട്ടികൾക്കും സ്ഥാപനത്തിൽ തന്നെ ഹോസ്റ്റൽ സൗകര്യം ഒരുക്കിയിരുന്നു. 2018 മുതൽ രണ്ട് ബാച്ചിലും 2 അഡ്മിഷൻ ആരംഭിക്കുകയും പുതിയ ബാച്ചിൽ ഉൾപ്പെടെ 100 കുട്ടികൾ നിലവിൽ ടി സ്ഥാപനത്തിൽ പഠിക്കുകയും ചെയ്യുന്നു. എന്നാൽ 50 പേർക്ക് മാത്രമാണ് ഹോസ്റ്റൽ സൗകര്യം ഉള്ളത്. പുതിയ ക്ലാസ് റൂം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതോടെ പുതിയ കെട്ടടത്തിലോ നിലവിലുള്ള കെട്ടിടത്തിലോ ബാക്കി 50 കുട്ടികൾക്ക് കൂടി ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. |
| (ബി) | വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ ട്രെയിനിംഗ് കേന്ദ്രമായ അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയിലേക്കുള്ള യാത്രക്ക് നൽകിയിരുന്ന ഡിപ്പാർട്ട്മെന്റ് വാഹനം കണ്ടം ചെയ്യേണ്ട അവസ്ഥയിലായതിനാൽ പകരം പുതിയ വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പാലക്കാട് ജില്ലയിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സെന്ററിലെ KL-01 D-248 രജിസ്റ്റർ നമ്പർ മിനി ബസ്സ് ഉൾപ്പെടെ 15 വർഷത്തിലധികം പഴക്കമുള്ള ആരോഗ്യ വകുപ്പിലുള്ള 596 വാഹനങ്ങൾ, കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് പോളിസി നടപ്പിലാക്കിയാൽ ഉപയോഗിക്കാൻ കഴിയാതെ വരുകയും ആയതിനാൽ ആവശ്യമായ |

| | | | |
|---|---|---|---|
| | | | തുടർ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയോട് ചേർന്ന് പാലക്കാട് ജില്ല ആശുപത്രി കൈവശം വച്ചിരിക്കുന്ന സ്ഥലം സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്ന മേൽ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുവാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ജില്ല ആശുപത്രിയുടെ ആർ.എം.ഒ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള ഈ സ്ഥലം ജില്ല ആശുപത്രിയുടെ പരിധിയിൽ ഉള്ള സ്ഥലമാണ്. ഗ്രാമപ്രദേശങ്ങളിൽ 50 സെന്റ് വരെയും , മുനിസിപ്പൽ പ്രദേശങ്ങളിൽ 25 സെന്റ് വരേയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 10 സെന്റ് വരേയും വികസനാവശ്യങ്ങൾക്കുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച ഉത്തരവിനായി പാലക്കാട് ജില്ലാ കളക്ടറെ സമീപിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ആശുപത്രിയിൽ വരുന്ന അത്യാസന്ന രോഗികളുടെയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും യാത്രക്ക് ആവശ്യമായ റോഡ് സൗകര്യം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്ത്, പാലക്കാട് മുനിസിപ്പാലിറ്റി അധികൃതർക്കും പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിനും അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ